# E-ജാലകം മിഴിതുറക്കുമ്പോൾ

എം പി എസ് ജി വി എച്ച് എസ് എസ്
വെള്ളിക്കോത്ത്

# എഡിറ്റോറിയൽബോർഡ്

- ശ്രീ. സുരേശൻ വി(സ്റ്റാഫ് സെക്രട്ടറി)
- ശ്രീമതി.വിജയ.കെ.പി(എസ്.ആർ.ജി.കൺവീനർ)
- ശ്രീമതി. സബിത.ടി.ആർ(എസ്.ഐ.ടി.സി)
- ശ്രീമതി.പ്രിയ.എം.കെ(വിദ്യാരംഗം കൺവീനർ)
- ശ്രീ. ജയൻ.കെ (പി.ടി.എ പ്രസിഡന്റ്)
- ശ്രീമതി. തുളസി (മദർ.പി.ടി.എ.പ്രസിഡന്റ്)

ചീഫ് എഡിറ്റർ : അബ്ദുൾ ഹമീദ്.ടി പി (എച്ച്.എം)

സ്റ്റാഫ് എഡിറ്റേഴ്സ് : രമാദേവി .എൻ. വി

: അഷ്റഫ്

സ്റ്റുഡന്റ് എഡിറ്റേഴ്സ് : -അദ്വൈത്.രാജ്.സി.കെ

(ലിറ്റിൽ കൈറ്റ്സ് ലീഡർ)

- പ്രജ്ജ്വൽ.എം

(ലിറ്റിൽ കൈറ്റ്സ് ഡെപ്യൂട്ടി ലീഡർ)

- അനൂജ് .കൃഷ്ണൻ

- വൈശാഖ്.വി.എസ്

# ടീം ലിറ്റിൽ കൈറ്റ്സ്

- അദ്വൈത് രാജ് സി കെ
- പ്രജ്ജ്വൽ.എം
- അഭിഷേക്.പി
- വൈഷ്ണവ്. പി
- അരുൺ ദേവ്.പി.എ
- ദേവനാരായണൻ
- ശരത് ചന്ദ്രൻ.ഡി
- ആദിത്യൻ.പി.വി
- സുധിൻ ബാബു.ടി.വി
- ഉണ്ണികൃഷ്ണൻ.പി
- അമർനാഥ്.കെ
- അഭിനവ്.പി.വി
- അഭിജിത്ത്.പി
- വൈഷ്ണവ്.വി
- അർജ്ജുൻ.ടി
- മുഹമ്മദ് സാലിഹ്.ടി.പി
- ഗോകുൽ ഗണേശ്
- ശ്രീന്ദ് ശങ്കർ
- അർജ്ജുൻ പ്രമോദ് യാദവ്
- ആനുജ് കൃഷ്ണൻ
- സൂരജ്.കെ.വി
- വൈശാഖ്.വി.എസ്
- സൂര്യ.കെ
- ശാദിഹസ്സൻ ടി.കെ
- വിഷ്ണു.എസ്
- യദുകൃഷ്ണൻ.എം
- അനുഷ.പി
- അര്യശ്രീ.പി
- അദിത്യൻ.കെ
- അശ്വന്ത് കുമാർ.പി.വി
- അഞ്ജലി.പികെ
- അഭിറാം.വി
- ശ്രീഹരി.ജെ.കെ
- അമൃത.എം
- സാനിയ സതീശൻ
- തന്മയ് മോഹൻ.കെ
- അഖിൽ.അഹമ്മദ്
- വൈഷ്ണവ്.എ
- ആഷിത്ത്.എം.വി

## മിഴിതുറക്കാം.........

*ജാലകചിന്തുകൾ വെറുതെമിഴിതുറക്കാറില്ല..... തുളുമ്പാൻ വെമ്പിനിൽക്കുന്ന മനസ്സിലെ വാക്കുകൾ അക്ഷരങ്ങളായി ചിതറിവീണ് ചാരുതയൊടെ ഇവിടെ തുടിച്ചുനിൽക്കുന്നു. നേട്ടങ്ങളും,നഷ്ടങ്ങളും വാക്കിന്റെ ശക്തിയിൽ പിടഞ്ഞു വിഴുന്നു.... അക്ഷരക്കൂട്ടിലെ ഈ രചനകൾ ഞാനും,നീയും,നമ്മളും ചേർന്നൊഴിക്കുന്ന സർഗ്ഗാത്മകതകളാണ്.സാങ്കേതികതയുടെ സർഗ്ഗവിസ്മയങ്ങൾ... പുഴകുത്തിൽ ഞെരിഞ്ഞമരാതെ, കാറ്റിൽ പറന്നുപോകാതെ, ഞെട്ടറ്റു വീഴാതെ.. എനിക്ക് ഞാനുണ്ട് എന്ന ഓർമ്മപ്പെടുത്തലുകൾ വാക്കുകൾ പൂക്കുന്ന ജാലകത്തിന്റെ അരികുകൾ ചേർന്നുനിൽക്കാം... കാറ്റിൽ പറന്നുപോകാതെ, ഞെട്ടറ്റു വീഴാതെ.. എനിക്ക് ഞാനുണ്ട് എന്ന ഓർമ്മപ്പെടുത്തലുകൾ വാക്കുകൾ പൂക്കുന്ന ജാലകത്തിന്റെ അരികുകൾ ചേർന്നുനിൽക്കാം .*

## താളുകളിലൂടെ

ഗാന്ധിസത്തിന്റെ പുതിയ പാഠങ്ങൾ.........7
കേരളവും റോഡ് സുരക്ഷയും.........11
വാടാതിരിക്കട്ടെ ,ഇളംപൂക്കൾ.........13
ദിനാരംഭം.........15
ഗൂഗിൾ മാപ്പ്.........16
ദൂരം.........17
ഇടം.........18
മലയാളം.........19
ഒറ്റപ്പെടൽ.........20
വിപരീതം.........21
MORALITY IN SOCIAL MEDIA.........22
THOUGHTS.........24
പി കുഞ്ഞിരാമൻ നായർ.........26
വിദ്വാൻ പി കേള്ളനായർ.........28
PENCIL DRAWINGS.........30

# ഗാന്ധിസത്തിന്റെ പുതിയ പാഠങ്ങൾ

നാനാത്വത്തിൽ ഏകത്വം പുലർത്തുന്ന ഒരു മഹത്തായ രാഷ്ട്രമാണ് ഇന്ത്യ.ഭൗതികഘടനയിലും,സംസ്കാരത്തിലും വളരെയധികം വൈവിധ്യം പുലർത്തുന്ന നാട്. ഭൂവിസ്തൃതിയിൽ ഏഴാംസ്ഥാനമുള്ള 29 സംസ്ഥാനങ്ങളും 6 കേന്ദ്രഭരണ പ്രദേശങ്ങളും ഒരു ദേശീയ തലസ്ഥാന നഗര പ്രദേശവും, വിവിധ ഭാഷകളും, മതങ്ങളും, പ്രാദേശികമായ ഭൗതിക വ്യതിയാനങ്ങളും ഉണ്ടെങ്കിൽതന്നെ ഇന്ത്യയുടെ കാലാവസ്ഥയും സംസ്കാരിക സങ്കലനവും ഗതാഗത വാർത്താവിനിമയ സൗകര്യങ്ങളും ഇന്ത്യയിൽ ഏകത്വം നിലനിർത്തുന്നതിന് സഹായകമാകുന്നു.



ജാതിഭേദം മതദ്വേഷം

ഏതുമില്ലാതെ സർവരും

സോദരത്വേന വാഴുന്ന

മാതൃകാ സ്ഥാനമാമിത്-

സമൂഹത്തെ തുല്യനിലയിൽ കാണുന്ന മാനവികതയുടെ ദേശീയതയാണ് ഭാരതത്തിന്റെ മൂല്യസങ്കൽപം. ആഹാരം, വസ്ത്രം, ആകൃതി, പ്രകൃതിമതം, ഭാഷ എന്നിവയിലെല്ലാം വ്യത്യാസം പുലർത്തുന്ന ഒരു ജനത ഒരു രാഷ്ട്രമായി കഴിയുന്നുവെന്നത്, അസൂയാർഹമായ വിജയമാണ്. ഇന്ത്യ ലോകമെമ്പാടും അറിയപ്പെടുന്നത് നാടിന്റെ മഹത്തായ പൈതൃകം കൊണ്ടും, പാരമ്പര്യം കൊണ്ടുമാണ്. മതേതരത്വം, ജനാധിപത്യം, സോഷ്യലിസം തുടങ്ങിയ ആശയങ്ങൾ മുറുകെ പിടിച്ചു കൊണ്ട് ലോകത്തിനുമുന്നിൽ ദാശാബ്ദങ്ങളായി തലയുയർത്തി നിൽക്കുന്ന രാജ്യമാണ് ഇന്ത്യ.വൈദേശികാധിനിവേശത്തിന്റെ അടിമത്തത്തിൽ കഴിഞ്ഞ ഒരു ജനതയെ സട കുടഞ്ഞെണീറ്റ് പോരാടാൻ പ്രചോദനം നൽകിയ എത്രയെത്ര മഹാരഥൻമാർ നമുക്കുണ്ടായിരുന്നു. ജാതിമതവിവേചന മില്ലാത്ത സ്ത്രീകളുടേയും, സമൂഹത്തിലെ താഴെക്കിടയിലുള്ളവരുടേയും അവകാശങ്ങൾ സംരക്ഷിക്കുന്ന സമൂഹ്യനീതിയിലും, ആത്മാഭിമാനത്തിലും അധിഷ്ഠിതമായ ഇന്ത്യ സ്വപ്നം കണ്ടവർ അവരിൽ ഏറ്റവും മുന്നിലാണ് മഹാത്മജിയുടെ സ്ഥാനം. ഭാരതസ്വാതന്ത്ര്യസമരത്തിന്റെ ജീവനും, ആത്മാവുംമായിരുന്ന

മഹാത്മാഗാന്ധി.ഏകാന്തനോവുകൾക്ക് മതമില്ല. വാർധക്യത്തിനു ഒരു ജാതിയുമില്ല. ഭാരതത്തിന്റെ ഭാവവും, രാഗവും, താളവും തെറ്റാതിരിക്കാൻ സ്വന്തം നെഞ്ചിടിപ്പ് സമ്മാനമായിതന്ന രാഷ്ടപിതാവ്. "എന്റെ ജീവിതമാണ് എന്റെ സന്ദേശം" എന്നു പ്രഖ്യാപിച്ച് സ്വജീവിതം ഇന്ത്യയ്ക്കുവേണ്ടി ഉഴിഞ്ഞുവെച്ചത്യാഗമൂർത്തിയായ ഗാന്ധിജിയോട് സമരമുഖത്ത് കർമ്മനിരതനായ ഗോപാലകൃഷ്ണഗോഖലെ ഉപദേശിച്ചത് ഇങ്ങനെയാണ്" ഇന്ത്യയെ അറിഞ്ഞുവേണം സമരമുഖത്ത്കർമ്മനിരതനാകുവാൻ "എന്നായിരുന്നു. കാന്യാകുമാരി മുതൽ കാശ്മീരം വരെ കാൽനടയായും അല്ലാതെയും സഞ്ചരിച്ച് വിശപ്പിന്റെ വിളി എന്താണെന്നും, ഉടുതുണിയില്ലാത്തവന്റെ വേദനഎന്തെന്നും ഗാന്ധി മനസ്സിലാക്കി.

വിപണികൾ അടിച്ചേൽപ്പിക്കുന്ന വഞ്ചനകൾ കൂടിക്കൂടിവരുന്നു. ഇത്തരം സമകാലികപ്രശ്നങ്ങൾക്ക് പരിഹാരം ഗാന്ധിമാർഗം തന്നെയാണ്.സങ്കീർണ്ണവും അസാധാരണവുമായ ഒരു ചരിത്ര പ്രക്രിയയിലൂടെയാണ് ഇന്നത്തെ ഇന്ത്യയിലെ മതേതരജനാധിപത്യഫെഡറൽ സംവിധാനം ഉരിത്തിരിഞ്ഞു വന്നത്. 70 വർഷം പിന്നിട്ടിട്ടും ജനങ്ങളുമായി അധികാരസംബന്ധമായി ഇടപെടുന്ന ഉദ്യോഗസ്ഥവർഗ്ഗവും, പോലീസുമെല്ലാം പഴയ രാജവാഴ്ച്ചക്കാലത്തെ അധികാരികളെപ്പോലെ എപ്പോഴും ജനങ്ങളോട് പെരുമാറുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. രാഷ്ട്രീയ നേതാക്കന്മാർ ജനങ്ങൾക്ക് ഘടനാപരമായ മാറ്റങ്ങൾക്ക് നേതൃത്ത്വം നൽകേണ്ട അധികാരം നൽകുന്നതിൽ തൽപരരല്ലെന്നതാണ് യാഥാർത്ഥ്യം.

സ്വാതന്ത്ര്യസമരത്തിന്റെ തുടർച്ചയെന്നോളം ചലനാത്മകമായ ഒരു ജനാധിപത്യ സമൂഹത്തിന്റെ സ്വഭാവങ്ങൾനിലനിർത്താൻ ഇന്ത്യൻ ജനാധിപത്യത്തിന് കഴിയുന്നുണ്ട്. നിയമനിർമാണസഭകളും,നീതിന്യായ വ്യവസ്ഥയും ,മാധ്യമലോകവും ആരോഗ്യകരമായി പ്രവർത്തിക്കുന്നു. പൗരൻമാരുടെ സംഘടനാ സ്വാതന്ത്ര്യവും, അഭിപ്രായ പ്രകടന സ്വാതന്ത്ര്യവും വലിയൊരു പരിധിവരെ സംരക്ഷിക്കപ്പെടുന്നു.എങ്കിലും മാലിന്യ നിർമാർജനത്തിലും,ഗതാഗത നിയന്ത്രണത്തിലും നമ്മുടെ സമൂഹം നേരിടുന്ന പ്രതിസന്ധി ഭീമമാണ്.

സമകാലിക ഇന്ത്യ നേരിടുന്ന വെല്ലുവിളികളായ വിലക്കയറ്റവും,നോട്ടുനിരോധനവും ജി.എസ്.ടി തുടങ്ങിയ തലതിരിഞ്ഞ സാമ്പത്തിക പരിഷ്ക്കാരങ്ങളാൽ ജനജീവിതത്തെ ദുസ്സഹമാക്കി. അസഹിഷ്ണതയുടേയും, വർഗീയ സംഘർഷങ്ങളുടേയും വിളനിലമായി നാട്മാറിയിരിക്കുന്നു. സ്വാതന്ത്ര്യം 70 വർഷം കഴിഞ്ഞിട്ടും ലോകത്തിലെ ദാരിദ്ര്യം അനുഭവിക്കുന്ന ജനങ്ങളുള്ള പട്ടികയിൽ നൂറ്റിപത്തുണ്ടാം സ്ഥാനത്താണ് ഇന്ത്യ

നിൽക്കുന്നത്. ദാരിദ്ര്യത്തെ നിർമാർജനം ചെയ്യാനായി ഗാന്ധി ആവിഷ്കരിച്ച നയങ്ങൾ പുനരാവിഷ്കരിക്കേണ്ട കാലമായിരിക്കുന്നു.

മതങ്ങൾ സ്വയം ജീർണിക്കുകയും, അധികാരരാഷ്ട്രീയവുമായി ചേർന്ന് ജനാധിപത്യത്തെ അപഹസിക്കുകയും ചെയ്യുന്ന കാലമാണിത്. ഇതിനെ നഖശിഖാന്തം എതിർത്ത ഗാന്ധിജിയുടെ നാട്ടിലാണ് ഇങ്ങന സംഭവിക്കുന്നത്. പ്രത്യക്ഷത്തിൽ ഇന്ത്യയിൽ രാഷ്ട്രീയ പാർട്ടികളുടെ പ്രേരണയോടെ വർഗ്ഗീയവിദ്വേഷം തലപൊക്കുന്നുണ്ട്. അക്രമമാർഗ്ഗത്തോടുള്ള ആരാധന വെടിഞ്ഞ് സമാധാനം നിറഞ്ഞ ഗാന്ധിജിയുടെ സ്നേഹമാർഗ്ഗം പുന:സ്ഥാപിച്ചില്ലെങ്കിൽ ഇന്ത്യയുടെ നാശമായിരിക്കും ഫലം. ആഗോളവത്കരണം, കമ്പോളമാന്ദ്യം, പണപ്പെരുപ്പം, കലാപം, അസ്ഥിരത തുടങ്ങിയ സമകാലിക ഇന്ത്യയുടെ ബാഹ്യമായ പ്രതിബന്ധങ്ങൾ തരണം ചെയ്യാൻ വികസിതമായ ഒരിന്ത്യയിലെ പൗരന്മാരാകാൻ നമ്മൾ യോഗ്യരാണെന്ന് നാമോരോരുത്തരും വിശ്വസിക്കണം.

നീതിക്കു വിലകുട്ടി സേവനച്ചതികൾക്കുടുപ്പാണു ഗാന്ധി. -വിവേകത്തിന്റെ സാക്ഷ ഊരിപ്പോയ വിദ്യാഭ്യാസ അവകാശസംരക്ഷകർ തിന്നു തീർക്കുന്നത് വില പിടിച്ച മുതലുകളാണ് . ഒരു രാജ്യത്തിന്റെ ഗാന്ധിയുടെ ഹൃദയം വാർത്തസങ്കീർത്തനങ്ങൾ ഉയർത്തിയത് പലതരം ചോദ്യങ്ങളാണ്. ഇന്ന് അത് പ്രസക്തവുമാണ് പക്ഷേ ആവ്ഷ്കാര സ്വന്ത്ര്യത്തിന് നേരെ സച്ചിദാനന്ദൻ പറഞ്ഞതുപോലെ 'വായുവിൽ വിഷം കലർന്നിരിക്കുമ്പോൾ ശ്വസിക്കാനുള്ള സ്വാതന്ത്ര്യം മരിക്കാനുള്ളതാണല്ലോ?' അഖ് ലാവ് മുതൽ ജുനൈദ് വരെയുള്ള ന്യൂനപക്ഷക്കാരുടെയും, രോഹിത്ത് വെമൂലയെപ്പോലെയുള്ള ദളിതരുടേയുംമെല്ലാം ജീവൻ തല്ലിക്കെടുത്തിയതും സ്വാതന്ത്ര്യത്തെ കൊലയുടെ ആഘോഷമാക്കി മാറ്റിയ പ്രത്യയശസ്ത്രം ഒന്നുതനെയാണ്. ഗോൾവാൾക്കറും,ഗോട്സേയും, സവർക്കരും മാത്രമേ ഇന്നില്ലാതായിട്ടുള്ളൂ. എന്നാൽ അവരുടെ പ്രത്രയശസ്ത്രത്തിന്റെ വിഷപ്പത്തി വാഹകർ ഇന്നുമുണ്ട്. കാളിയൻമാർ എണ്ണത്തിൽ പെരുകിയിറ്റുണ്ട്. പതിറ്റണ്ടുകൾക്ക്മുമ്പ് എൻ.വി.കൃഷ്ണവാര്യർ ദീർഘദർശനം ചെയ്തത് സാമകാലിക ഇന്ത്യയുടെ കടുത്ത യാഥാർത്ഥമായിരിക്കുന്നു. ‘അരി വാങ്ങുവാൻ കൃൂവിൽതിക്കി നിൽക്കുന്ന ഗാന്ധിഅരികിൽ കുറ്റൻ കാറിലെറി നീങ്ങുന്ന ഗോഡ്സേ'എൻ.വിയുടെ വരികളിൽ അൽപ്പം ഭേദഗതി വരുത്താം. വെറും കാറിലല്ല അധികാര ഗർവ്വത്തിന്റെ കൊടിവച്ച കുറ്റൻകാറിലാണ് പ്രത്യയശാസ്ത്രപിൻമുറക്കാരുടെ ഇന്നത്തെ യാത്ര. സ്വാമി വിവേകാനന്ദൻ തന്റെ വിഖ്യാതമായ ചിക്കാഗോ പ്രസംഗത്തിൽ വിശേഷിപ്പിച്ചതു പോലെ "വിഭാഗിയതയും മൂഢവുമായ കണ്ടുപിടിത്തവും അതിന്റെ ഭീകരസന്തതിയായ മതഭ്രാന്തും പ്രതിഷേധജ്വാലകളിൽ ചാരമായിത്തിരട്ടെ." ഇരുട്ടുവീഴ്ചയുടെ കാലമാണിത്. പരിസ്ഥിതി തീവ്രവാദവും, ശാസ്ത്രീയതീവ്രവാദവും, ജനാധിപത്യത്തിന്റെയും മനുഷ്യാവകാശത്തിന്റെയും

വിരുദ്ധാശയങ്ങൾ പ്രചരിപ്പിക്കുന്നു. അനേകം ഉപദേശീയതകളുടെ ഒരവിയലായ ഇന്ത്യൻ ദേശീയത ദുരിതാശ്വാസത്തിൽ മുങ്ങിപൊങ്ങി വിഘടിക്കുന്ന ദൃശ്യങ്ങൾ സുലഭമാണ്.

രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പ്രശ്നങ്ങളാൽ എഴുത്തുകാർ ശക്തമായപ്രതിഷേധങ്ങളും അഭിപ്രായപ്രകടനങ്ങളും നടത്തുന്ന ഇന്നത്തെ സാഹചര്യത്തിൽ കൃഷക്കാരുടെയും ഗ്രമീണരുടെയും നീണ്ട സമരപരമ്പരകൾ നീളുന്ന കഴ്ച്ചയാണ്എങ്ങും കാണാൻ സാധിക്കുന്നത് ഉത്തർപ്രദേശിലെ കൃഷികാരുടെ പ്രക്ഷോഭം വളരെ സങ്കീർണമാണ്. പുത്തൻ ഉദാരവൽക്കരണത്തിൽ കീഴിൽ സർക്കാരിന്റെ പൊതുചിലവുകൾ വെട്ടിക്കുറയ്ക്കപെടുന്നു. ഉയർന്ന സാങ്കേതികവിദ്യയും യാന്തികവൽക്കരണവും, ഓട്ടോ മേഷനം കാരണം തൊഴിൽ അവസരങ്ങൾ വളരാതെ, തെഴിൽ നഷ്ട്ടപ്പെട്ടുകൊണ്ടുള്ള സാമ്പത്തിക വളർച്ചയായി മാറുന്നു. കൃഷിക്കാരനും ഭൂമി ഏറ്റടുക്കലിനെതിരെസമരം ചെയ്യുന്നു എന്ന് ഏറ്റവും ശ്രദ്ധേയമാണ്. ആത്മഹത്യ എന്ന സഹന സമരരൂപത്തിൽ നിന്ന് അവർ സജീവമായ പ്രതിരോധ സമരരൂപത്തിലേക്ക് മാറിക്കഴിഞ്ഞു.മാനവവിഭവശേഷി എന്ന മുതൽ മുഴവൻ സ്കൂ്ൾ കലാലയരാഷ്ട്രീയവത്കരണതിലൂടെ ഭരണ-പ്രതിപക്ഷ ലേബലുകളിൽ വരുന്ന ചിതലുകൾ വെട്ടിവിഴുങ്ങുകയാണ്.കോഴിയെ വളർത്താൻ കുറുക്കന്റെ കൈയ്യിലേൽപ്പിക്കുന്ന നാഗരികവിഢഢിത്തം ആവർത്തിക്കപ്പെടുന്ന ഇക്കാലത്ത് നൻമയുടെ ബാക്കിപത്രമാണ് ഗാന്ധിജിയുടെ ഓർമ്മ നമ്മിൽ അവശേഷിപ്പിക്കുന്നത്.

"നിങ്ങൾക്ക് എന്തെല്ലാം ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും അനുഭവിക്കേണ്ടതായി വരുമോ, അതൊക്കെ ഞാനും പങ്കിടാനാഗ്രഹിക്കുന്നുവെന്ന്" ഗാന്ധിജിയുടെ വാക്കുകൾക്ക് മുന്നിൽ ഭാരതം നമിച്ചുപ്പോയി എന്ന് പറയുമ്പോൾ ഭാരതം നമിച്ച വാങ്ങിയ ആ പൈതൃകം ഇന്ന് അന്യമാവുകയാണ്. ഇന്ന് ക്യാമറയുടെ ഫ്ളാഷ് മിന്നി കഴിഞ്ഞാൽ തുമ്പയുപേക്ഷിച്ച് സ്ഥലം കാലിയാക്കുകയാണ് നേതാക്കൾ. നേതാക്കളുടെ ഭാരംകൊണ്ട് സ്വകരണവേദികൾ ഇടിഞ്ഞുവീഴുന്ന ഇക്കാലത്ത് കൃത്രിമച്ചിരിയുമായി ക്യാമറ കാത്തിരിക്കുന്നവർ ഭാരതത്തിനു ഭാരമാണ്.പെരുമയുടെ പെരുമ്പറയില്ലെങ്കിലും സ്വജീവിതം കൊണ്ട് നമ്മുടെ സമൂഹമനസിനെ ഉഴുതുമറിച്ച ഉജ്ജ്വല സ്മരണകൾ ഗാന്ധിസത്തിന്റെ ധന്യതയാണ്. ആരും കാണുന്നില്ലെങ്കിലും അംഗീകാരമില്ലെങ്കിലും നിയോഗങ്ങളുടെ നിറവിനായി ആത്മാർത്ഥമായി അധ്വാനിക്കാൻ മനസുള്ള ഒരു നവനേതൃനിരയെയാണ് ഭാരതം സ്വപ്നം കാണുന്നത്. കൂട്ടുകാരന്റെ നേട്ടങ്ങൾക്കായുണ്ണാൻ ഒരുള സ്നേഹവും . അപരന്റെ വേദനയിൽ അലിവായി തുവാൻ ഇരുതുള്ളി കണ്ണീരുമാവട്ടെ നമ്മുടെ ഗാന്ധിസം

പ്രിയ.എം.കെ(മലയാളം അധ്യാപിക)

# കേരളവും റോഡ് സുരക്ഷയും

ദൈവത്തിന്റെ സ്വന്തം നാട് എന്ന് അറിയപ്പെടുന്ന കേരളത്തിൽ മാറി മാറി വന്ന ഭരണങ്ങൾ വികസനം ഏറെ കൊണ്ടുവന്നുവെങ്കിലും സുരക്ഷയുടെ പാതയിലും, ഗതാഗത വെല്ലുവിളിയിലും നാം ഏറെ പിന്നിലേക്കാണ്. കാസർകോട് തൊട്ട് തിരുവനന്തപുരം വരെയുള്ള ദേശിയ പാതകൾ മാത്രം നേരെ ആക്കിയാൽ കേരള ഗതാഗതം സുരക്ഷമാർഗത്തിൽ എത്തിചേരുന്നില്ല. പണ്ടത്തെ കേരളത്തിൽ നിന്നുംഏറെ വികസനം കൈവരിച്ച സംസ്ഥാനമാണ് നമ്മുടെത്. എന്നാൽ പോലും ദിനം തോറും അപകടങ്ങൾ വർദ്ധിച്ചുവരുന്നു.ഗ്രാമപ്രദേശങ്ങളിൽ ഒറ്റപെട്ടു കഴിയുന്ന കുറെ ജനത കേരളത്തിൽ ഇന്നും നിലനിൽക്കുന്നുണ്ട്.അവർക്ക് നല്ലൊരു ഗതാഗതത്തിനും, വികസനത്തിനുമായി ഭരണാധികാരികളും ഗവർൺമെന്റും ഇന്ന് നേരിട്ടിറങ്ങി പ്രവർത്തിക്കുന്നു.



ഗവൺമെന്റിന്റെ പുതിയ രീതിയനുസരിച്ച് ദേശീയ പാതയല്ലാത്ത റോഡുകൾ പോലും പോലീസുകാർ പരിശോധനകൾ നടത്തുന്നു. അത്രയും കാര്യക്ഷമമായി തന്നെ പ്രവർത്തിക്കുന്നുണ്ടെങ്കിലും അഴിമതികൾ അവിടേയും വർദ്ധിച്ചു വരുന്നു എന്നതാണ് വാസ്തവം .ട്രാഫിക്ക് നിയമങ്ങൾ പാലിക്കുന്നവർക്ക് അപകടസാധ്യത ഇല്ലാ എന്ന് പറയാവുന്നതാണ്.എന്നാൽ ആധുനിക യുവാക്കൾ വാഹനത്തോടുള്ള ആസക്തിയാൽ അതിൽ മതിമറക്കുന്ന ഏറെക്കുറെ അപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണം ഇതൊക്കെ തന്നെയാണ്.

റോഡുകളിൽ സുരക്ഷ ഉറപ്പാക്കേണ്ടത് ഭരണാധികാരികളുടെ സുരക്ഷ ഉത്തരവാദിത്വമാണ്. ദേശിയ പാതകളിൽ വികസനം കൊണ്ടുവരുമ്പോൾ നാട് വികസിക്കുന്നില്ല കാസർകോടിന്റെ കാര്യത്തിൽ കാസർകോട് ടൗൺ കഴിഞ്ഞാൽ പിന്നെ കർണ്ണാടക അതിർത്തി എത്തും വരെ നാം അനുഭവിക്കേണ്ടത് സുഖകരമല്ലാത്ത യാത്രയാണ്. ആ റോഡുകളിൽ ഗതാഗതം സുരക്ഷിതമാകേണ്ടത് അത്യാവശ്യമാണ് അങ്ങനെ ഇപ്പോഴും ഇതേ അവസ്ഥയുള്ള ഒരുപാട് റോഡുകൾ കേരളത്തിലുണ്ട് എന്നതും വാസ്തവമാണ്. രണ്ട് വർഷവും നാം നേരിടേണ്ടി വന്ന പ്രളയം മൂലം റോഡുകളുടെ ഗതി തകർച്ചയിലായിരുന്ന ആ സന്ദർഭത്തിൽ പോലും നമ്മുടെ ഗവർൺമെന്റ് കാര്യക്ഷമമായി പ്രവർത്തിച്ച് നമ്മുടെ ഗതാഗതം പുനനിർമിച്ചു തന്നു.ഇപ്പോഴും ഗതാഗതം തടസ്സം അനുഭവിക്കുന്ന ഒരുപാട് ഗ്രാമങ്ങൾ ഉണ്ടെന്നതും ഗവർൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തേണ്ട

കാര്യങ്ങളാണ് കേരളത്തിൽ തന്നെ നല്ല വികസനം കൈവരിച്ച ജില്ലകളുണ്ട്. ഒരുപക്ഷേ അവയായിരിക്കാം അപകടങ്ങൾ സുപരിചിതമാകുന്നത് .റോഡ് നിർമാണം ചുമതല ഏറ്റെടുക്കുന്ന കരാറുകൾ അനാസ്ഥ കാട്ടുന്ന എന്നുള്ളതും വാസതവം തന്നെയാണ്. അവർക്ക് കൊടുക്കുന്ന ചുമതലകളിൽ മുക്കാൽഭാഗം മാത്രമാണ് അവർ കാര്യക്ഷമമായി ചെയുന്നത്. ഒരു പക്ഷേ റോഡുകൾ പൊട്ടിപ്പൊളിയുന്നതിന് കാരണവും അതുതന്നെയായിരിക്കാം.

ട്രാഫിക്ക് നിയമങ്ങൾ ശക്തി പ്രാപിച്ചു വരുന്ന കാലഘട്ടിൽ നാം അതിനെ വിസ്മരിച്ച് യാത്ര ചെയുന്നത് അപകടത്തിന് വഴിയൊരുക്കുന്നതിന് തുല്യമാണ്. ഹെൽമറ്റ് ധരിക്കാത്ത യാത്രക്കാരിൽ നിന്നും പിഴ ഈടാക്കുന്നുവെങ്കിലും,അതിൽ പോലും ഉന്മാദം കണ്ടെത്തുന്ന ജനത നമുക്കിടയിൽ ഉണ്ടെന്നുള്ളത് ചിന്തനീയമാണ്.കാലം പുരോഗമിക്കുന്തോറും കാഴച്ചമങ്ങുന്ന ജനതയ്ക്കിടയിൽ അപകടങ്ങൾ സുലഭമാക്കുന്നത് അനാസ്ഥതന്നെയാണ്. കേരളത്തിന്റെ ഗതിമറന്ന പോക്കിൽ റോഡിൽ നിന്ന് മരണനിരക്ക് വർദ്ധിക്കുന്നുവെന്നത് ഓരോ പൗരനും ചിന്താവിധേയമാക്കേണ്ട കാര്യമാണ്. ഓരോ വ്യക്തിയിൽ നിന്നും റോഡ് നികുതി വാങ്ങുന്നു. എന്നിട്ടു പോലും റോഡ് ക്രമീകരണം പൂർണ്ണമല്ലാതാകുമ്പോൾ അതില് പ്രതിഷേധിക്കുന്ന ജനത വളർന്നുവരും. ലഹരി വസ്തുക്കൾ ഉപയോഗിച്ച് വാഹനം ഓടിക്കുന്നത് കുറ്റാർഹമാണെന്ന് ചാനലുകളിൽപോലും പ്രതിപാതിച്ച് പോലീസുദ്യോഗസ്ഥർ പിഴ ഈടാക്കുന്നു. ആ സമയം തന്നെ ആ നിമയം ലംഘിക്കുന്ന ഉദ്യോഗസ്ഥരും ഉണ്ടെന്നുള്ളത് നമ്മൾ മനസ്സിലാക്കേണ്ട വസ്തുതയാണ്. അത് നാം ചൂണ്ടികാട്ടി പ്രതിഷേധിക്കുമ്പോഴാണ് നിയമം പാലിക്കപ്പെടുന്നത്.

കേരളസർക്കാർ റോഡ് വികസനത്തിൽ കൂടുതൽ കാര്യക്ഷമമാക്കണം. സൗന്ദര്യാസ്വാദനം കൊണ്ട് സ്വയം മറന്ന തലമുറയിൽ ജീവിക്കുന്ന ജനത , അപകടങ്ങൾക്ക് വഴിയൊരുക്കി കാലത്തെ തന്നെ ദൂഷിപ്പിക്കുന്നു. റോഡപകടത്തിൽ മരിക്കുന്നവരിൽ ഭൂരിഭാഗവും ചെറുപ്പക്കാരാണ്. സൗന്ദര്യസംരക്ഷണത്തിനായി സ്വന്തം സുരക്ഷ ഉറപ്പുവരുത്താതെ യാത്ര ചെയ്യുമ്പോൾ ഗതി മാറി പോകുന്ന വാഹനം ആ അനാസ്ഥയിൽ പാതി വഴിയിൽ പിടയേണ്ടി വരുന്ന ജീവിതം , ഇതൊക്കെ തന്നെയാണ് കേരളം മനസ്സിലാക്കേണ്ട യാഥാർത്ഥ്യങ്ങൾ. നാം ഉറപ്പാക്കേണ്ട സുരക്ഷിതത്വം മറന്ന് വാഹനം എടുക്കുമ്പോൾ ജീവൻ ഇല്ലാതാകുന്ന പ്രവർത്തിയാണെന്ന് മനസ്സിലാക്കുന്നില്ല. റോഡപകടം മൂലം മരിച്ചുവീണ ഒരുപാട് മനുഷ്യരുടെ കണ്ണീരിന്റെ കഥ മനസ്സിലാക്കി , നാം വാഹനം എടുത്താൽ ഒരുപക്ഷെ ഓരോ വ്യക്തിയും സ്വയം മനസ്സിലാക്കി നിയമങ്ങൾ പാലിച്ച് റോഡിൽ ഇറങ്ങിയാൽ ,അപകടങ്ങൾ ക്രമീകരിക്കാൻ സാധിക്കുന്നു. റോഡ് സുരക്ഷ ഉറപ്പുവരുത്തി മുന്നോട്ട് പോയാൽ കേരളത്തിലെ മരണനിരക്ക് ക്രമീകരിക്കാൻ എളുപ്പമാണ്. അതിനാൽ ഓരോ പൗരന്റേയും കർത്തവ്യങ്ങൾ മറക്കാതെ നല്ല നാളെയ്ക്കായി വഴിയൊരുക്കി ജീവിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം .

ശിവാനി 10.D

# വാടാതിരിക്കട്ടെ ,ഇളംപൂക്കൾ

ലഹരിമരുന്നുകളുടെ വ്യാപനം കൊടിയ സാമൂഹികവിപത്താവുകയാണെന്നതും ലഹരി സംഘത്തിന്റെ നീരാളിപ്പിടിത്തത്തിൽ അമർന്നവരിൽ ഭൂരിപക്ഷവും യുവാക്കളും വിദ്യാർത്ഥികളുമാണെന്നതും കേരളം നേരിടുന്ന അതീവ ഭീഷണമായ ശാപം തന്നെ. കയ്യെത്തും ദൂരത്താണ് ലഹരി. കണ്ണൊന്നു തെറ്റിയാൽ, ശ്രദ്ധയൊന്നു പതറിയാൽ നമ്മുടെ കുട്ടിയുടെ ജീവിത്തിന്റെ താളം. തെറ്റിക്കാൻ മാത്രം കരുത്തുണ്ട് ലഹരിയുടെ കൈകൾക്ക്. നമ്മുടെ കുട്ടികളെ ലഹരിക്ക് അടിമകളാക്കാൻ ലഹരിമരുന്നു സംഘങ്ങൾ നടത്തുന്ന നിഗൂഢ പ്രവർത്തനങ്ങളുടെ വേരറുത്തുമാറ്റാൻ ഇനിയും വൈകിക്കൂടാ. കുടുംബവും അധ്യാപകരും സമൂഹവും സർക്കാരും ചേർന്നുവേണം ഈ യുദ്ധം ചെയ്യാൻ.

'അരുത്' ലഹരി പ്രചാരണ പരിപാടിയുടെ ഭാഗമായി മലയാളമനോരമ സംഘടിപ്പിച്ച, എക്സൈസ് കമ്മിഷണർ എസ്.ആനന്ദകൃഷ്ണനുമായുള്ള ഫോൺ ഇൻ പരിപാടി ലഹരിവിപത്തിന്റെ ആഴം വെളിപ്പെടുത്തുന്നതായി. ലഹരിമാഫിയ വീടിനുള്ളിൽ എത്തിയിട്ടും എന്തു ചെയ്യണമെന്നറിയാതെ പകച്ചുപോയ സാധാരണക്കാരായിരുന്നു എക്സൈസ് കമ്മിഷണറുടെ സഹായം തേടിയവരിൽ അധികവും. അവരുടെ സങ്കടങ്ങളും ആശങ്കകളും അത്യധികം സങ്കീർണമായ ഈ സാമൂഹികവിപത്തിന്റെ ആഴം അറിയിച്ചു. മകനു ലഹരി കിട്ടാതെ വരുമ്പോൾ തനിക്കു മർദ്ദനമേൽക്കേണ്ടിവരുന്ന കാര്യം പറഞ്ഞു വിങ്ങിപ്പൊട്ടിയ അമ്മവരെ അക്കൂട്ടത്തിലുണ്ടായിരുന്നു.

ജനകീയ പങ്കാളിത്തതോടെ മാത്രമേ പോരാട്ടം ഫലപ്രാപ്തിയിലെത്തിക്കാൻ കഴിയൂ എന്നാണ് എക്സൈസ് കമ്മിഷണർ പറഞ്ഞത്. ലഹരിമാഫിയ്ക്കെതിരായ ചെറുത്തുനില്പ്പ് വിദ്യാർത്ഥികളിൽനിന്നാണു തുടങ്ങേണ്ടതെന്ന് അദ്ദേഹം പറയുമ്പോൾ അതിനുള്ള ഉചിതമായ മറുപടി രക്ഷിതാക്കളിൽനിന്നും അധ്യാപകരിൽ നിന്നുംകൂടി ഉണ്ടാകേണ്ടതുണ്ട്. ഇവരുടെ സംരക്ഷണവലയം കുട്ടികൾക്ക് അത്യാവശ്യമാണ്. തങ്ങളുടെ കുട്ടി ലഹരി ഉപയോഗിക്കുന്നുവെന്ന് അധ്യാപകർ അറിയിച്ചാൽ

രക്ഷിതാക്കൾ സംയമനത്തോടെ അതു കേൾക്കണം;കുട്ടിയെ നിരീക്ഷിക്കുകയും വേണം. രക്ഷിതാക്കൾ അറിയാത്ത ബന്ധങ്ങളും ചതിക്കുഴികളും കുട്ടികളെ ലഹരിയുടെ അടിമകളാക്കിയ ഒട്ടേറെ സംഭവങ്ങളുണ്ട്. വീട്ടന്തരീക്ഷത്തിലെ ശാന്തിയും തുറന്ന അഭിപ്രായവിനിമയങ്ങളും സ്നേഹസമൃദ്ധമായ കരുതലും കുട്ടികളെ ചീത്തവഴികളിൽനിന്നുപിന്തിരിപ്പിക്കുമെന്നതു മറന്നുകൂടാ.

ലഹരിവില്പനക്കാരേയും അത് ഉപയോഗിക്കുന്നവരും കുറിച്ച് വിദ്യാർത്ഥികൾക്കു കൃത്യമായ വിവരങ്ങൾഅനുസരിച്ചാണ് എക്സൈസും പോലീസും ലഹരിയും മാഫിയയ്ക്കെതിരെ കർശന നടപടി സ്വീകരികുന്നത്.ഇത്തരം വിവരങ്ങൾ നൽകുന്ന വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ധൈര്യവും സുരക്ഷയും എക്സൈസ്-പോലീസ് അധികൃതർ നൽകുകയും വേണം.സംസ്ഥാനത്തെ 4000 സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ ആരംഭിച്ചതു ശുഭവാർത്ത തന്നെ. ഈ ക്ലബ്ബുകളുടെ പ്രവർത്തനത്തിൽ പിടിഎ ഭാരവാഹികളും സജീവ പങ്കാളികളാകണം.നിയമത്തിലെ വിള്ളലുകളിലൂടെ പലപ്പോഴും കുറ്റവാളികൾ രക്ഷപ്പെടുന്നത് ആശങ്കാജനകമാണ്. അതുകൊണ്ടാണ്,ലഹരി മാഫിയയ്ക്കെതിരെ കർശന നടപടി സ്വീകരിക്കാനായി നിയമത്തിൽ ഭേദഗതി വരുത്തണമെന്നും കേന്ദ്ര സർക്കാരിനോടു കേരളം ആവശ്യപ്പെട്ടിരിക്കുന്നത്. നിലവിൽ ഒരു കിലോഗ്രാമിൽ താഴെ കഞ്ചാവോ മറ്റു ലഹരി വസ്തുക്കളോകൈവശം വച്ചതിനു പിടിയിലാവുന്നവർക്ക് ഉടൻ ജാമ്യം ലഭിക്കും. ഇത് 20 ഗ്രാം ആയി കുറക്കണമെന്നാണ കേരളത്തിന്റെ ആവശ്യം. *ലഹരിയിലേക്ക് ഒഴുകിത്തിരാനുള്ളതല്ല നമ്മുടെ പുതുതലമുറയെന്ന ഉത്തമ ബോധ്യത്തോടെയാവണം കേരളം ഈപോരാട്ടത്തിൽ മുന്നേറേണ്ടത് ജീവിതത്തിന്റെ സൗന്ദര്യം മുഴുവൻ നഷ്ടപ്പെടുത്തിയ ചെറുപ്പക്കാരെയും താലോലിച്ചു വളർത്തി വലുതാക്കിയ സ്വപ്നങ്ങൾ കൈമോശംവന്നു കേഴുന്ന രക്ഷിതാക്കളെയുമല്ല കേരളം കാണേണ്ടത്. നാളെയുടെ പ്രതീക്ഷകളെ തല്ലിക്കെടുത്താൻ ലഹരിമരുന്നുസംഘങ്ങളെ ഒരു കാരണവശാലും അനുവദിച്ചുകൂട. ഈ വലിയ ലക്ഷ്യത്തിനുവേണ്ടി കേരളത്തിലെ ലഹരിവിരുദ്ധ പോരാട്ടങ്ങളെല്ലാംഒരുമിച്ച ഒരേ ദിശയിൽ മുന്നോട്ടുനീങ്ങേണ്ടതുണ്ട്.*

*വൈശാഖ്.വി.എസ്*

## ദിനാരംഭം

ആദിദേവൻ ഉദിക്കുമ്പോൾ
അന്തകാരം നിലയ്ക്കുന്നു.
നല്ല നാളേ വരവേല്ക്കാൻ
പുലരിയേ നാം വണങ്ങുന്നു.
ചന്ദ്രനാകും ദീപത്തെ
സുപ്രഭാതമണയ്ക്കുന്നു
കൂടുവിട്ട് കുതിക്കാനായ്
ലോകമെല്ലാം ഉണരുന്നു.
കുട്ടികൾക്ക് വിദ്യപകരാൻ
പാഠശാല തുറക്കുന്നു
ഉണർവിന്റെ കാറ്റുവീശി...
വിഹംഗങ്ങൾ പറക്കുന്നു...
പുതുദിനത്തെ തുടങ്ങാനായ്
ദേവനെ നാം സ്തുതിക്കുന്നു.
ഈ പ്രപഞ്ചത്തെ നിയന്ത്രിക്കും
ദേവനൊരു നിലവിളക്ക്
സമർപ്പിച്ചിടാം........

*- ശ്രീനന്ദ് ശങ്കർ*
*IX E*

# ഗൂഗിൾ മാപ്പ്

*‘Fair and lovely’*
*തേച്ചുപിടിപ്പിച്ച്*
*കുഴിനഖം മറക്കാൻ*
*വിരലിനുചുറ്റും*
*ചായം പൂശി.....*




*നീണ്ടുനിവർന്ന മുടിയിൽ ‘വാട്സ്ആപ്പിൽ*
*ഓൺലൈനിൽ ഇരുന്ന്*
*ജീവിതത്തിലേക്ക്*
*കിതച്ചോടിയപ്പോഴാണ് ഓർത്തത്!*
*ഗൂഗിൾ മാപ്പ് എടുക്കാൻ മറന്നുപോയല്ലോ?*

*അനുഷ.പി*
*9.C*

## ദൂരം

മങ്ങിയ ഞരമ്പിന്റെ നിറമുള്ളിടത്തെല്ലാം
കരിപിടിപ്പിച്ചു.
ബയോളജി ക്ലാസിൽ ഭ്രാന്തുപിടിച്ച
ഞാൻ.............
നൊസ്റ്റാൾജിയിലൂടെ എന്തിനോവേണ്ടി
ചികഞ്ഞുനടന്നു.
അവസാനം ഫോസിലുകളായ
മെലിഞ്ഞ ലിപികളെ
കണ്ടെടുത്ത്,
കവിതയിലേക്കുള്ള ദൂരം
അളന്നെടുത്തപ്പോഴേയ്ക്കും
മുഖപുസ്തകത്തിലെ പരന്ന നീലപ്പ്
അമ്മയുടെ കണ്ണുകളിൽ
വേലിയേറ്റത്തിന്റെ അടയാളമായി.

**അനഘ.പി**
IX STD

# ഇടം

ബാല്യത്തിൽ, വീടിൻ
മുന്നിലൂടൊഴുകുന്ന
ഓളിയയിൽ കൈയിട്ടു
ചെളിവാരി അമ്മിക്കുട്ടി
ഉണ്ടാക്കിയതും പുഞ്ചപ്പാടത്ത്
കണ്ടം ഉഴുമ്പോൾ
അച്ഛനൊപ്പം കാളതൻ
വാലേപ്പിടിച്ച് കോരിപ്പലേൽ കേറി
കേമാനായതും ചെളിയി
തിമിർത്തതും അച്ഛനൊപ്പം
വിത്ത് വാരിവിതച്ചതും
ഞാറു നടാൻ വന്ന ലക്ഷ്മിയോടൊപ്പം
ചുണ്ട് ചുവക്കെ തുമ്മാൻ
ചവച്ചതും നൊണ പറഞ്ഞതും
പിന്നെ തോട്ടിലെത്തി
കൂട്ടുകാർകൊപ്പം മുങ്ങാംകഴിയിട്ടതു
എല്ലാം എന്റേതുമാത്രം കുട്ടിക്കാലം!
ഇന്ന്,
എന്റെ മകന്
അകത്തും പുറത്തും വേവ്വേറെ ചെരിപ്പ്
കാലേലോരു പൊടിതട്ടാതിരിക്കാൻ
ഷൂവിനൊപ്പം സോക്സ് ,നിത്യം വീട്ടുപടിക്കെത്തുന്ന
ഓട്ടോയിൽ ബൈപറഞ്ഞവനകലുന്നു
പഠിച്ചു പഠിച്ചവനൊരു
റിസേർച്ച് സ്കോളറാകണമത്രേ!
ഫോറിനിൻ സ്കോപ്പുള്ള
വീട്ടുതൊടിയിലെ ഈ മണ്ണ്
കൊണ്ടുപോയ് ഗവേഷണയാത്ര
അമേരിക്കൻ സുഹൃത്തുക്കൾക്കടിയിൽ
അവനൊരു 'പൊളി' 'പൊളി'ക്കണമത്ര! ഫ്ലാഷുകൾക്കിടയിൽ
മിന്നിമറിയണമത്ര *തന്റേതായൊരിടമുണ്ടാക്കിയെടുക്കണമത്ര!*

*ബേബി സുധ (മലയാളം അധ്യാപിക)*

## മലയാളം

കാറ്റു പറഞ്ഞു

ഞാൻ തിരിച്ചുപിടിച്ചു

ഞാനും

സൂര്യൻ കരഞ്ഞു

നിലാവ് ചിരിച്ചു

രാത്രി ഉറങ്ങി

ഞാൻ എഴുതാൻ തുടങ്ങി

മ

ല

യാ

?

പിന്നെ,

ഓർത്തെടുക്കാൻ കഴിഞ്ഞില്ല..

-പ്രണവ്.എം.കെ

10 D

# ഒറ്റപ്പെടൽ

എങ്ങും പ്രകാശം പരക്കെയാണെങ്കിലും
എൻ മനമിന്നമിരുണ്ടു തന്നെ
ഓർമകളാകുന്ന സങ്കടക്കാറ്റുകൾ
എന്റെ മനസ്സിൽ ആഞ്ഞടിച്ചു...
ഒറ്റപ്പെടലിന്റെ ദുഃഖമെൻ
മനസ്സിനെ സങ്കടക്കടലിൽ തള്ളിയിട്ടു.
എങ്ങും കളിയും ചിരിയും നിറഞ്ഞൊരാ-
കാലത്തെയോർത്തു ഞാൻ പുഞ്ചിരിച്ചു
മന്ദീഭവിച്ചു നീങ്ങും നിലാവിൻ
പ്രകാശമെൻ മനസ്സിൻ തട്ടിയില്ല...
എത്രയോകാലം കൂടെ നടന്നു
നീയെൻ ഹൃദയം കവർന്നെടുത്തു
എരിയുന്ന ഹൃദയമായ്ഒഴുകുന്ന കണ്ണുമായഇന്നിവിടെ ഞാൻ
മാത്രം ...!

*-ശ്രീനന്ദ് ശങ്കർ*

# വിപരീതം

ട്രെയിനിലെ സെക്കന്റ് കംപാർട്ട്മെന്റിൽ
എല്ലാവരും തിരക്കിലാണ്....
ഇടയ്ക്കെപ്പോഴോ പുറത്തേക്കൊരുനോട്ടം
അപ്പോൾ കണ്ണുകൾക്ക് തളർച്ച....
കാതുകൾക്ക് ഒരു അസ്വസ്ഥത....
അവ കാര്യമായി എന്തോ തിരയുകയാണ്
ചൂണ്ടുവിരൽ കൊണ്ട്
ഫേസ്ബുക്ക് ഒന്ന് ഓപ്പൺ ചെയ്തപ്പോൾ
അവയ്ക്ക് ആശ്വാസം....
ഇപ്പോൾ കണ്ണുകളെക്കാളധികം
കാതുകൾ കാണുന്നു...
കാതുകളെക്കാളധികം കണ്ണുകൾ കേൾക്കുന്നു....
മനുഷ്യൻ വിപരീതമായ് തീരുന്നു..
ഇടയ്ക്കെപ്പോഴോ സ്ക്രീനിൽ
തെളിഞ്ഞുവന്ന പുസ്തകങ്ങളുടെ
ജഡത്തിനുചുറ്റും പേനകൾ പാറിപറന്നു.....

*അനുഷ പി (IX-C)*

# MORALITY IN SOCIAL MEDIA

The 21st century humans are even more advanced than previous generations (Expect their mindset hasn't changed). Humans can be access various informations at their fingerprint. People can share information at through technology. Needless to day; social media (Instagram, Facebook, Whatsapp,...) has a huge impact on modern society. They have infact, made the world as a single unit, regardless of hemisherical, political, divisions. Beleive that social media is the first step to globalisation.

Yet, social media is pretty one sided regarding the information exchanged nowadays. These days people have turned to celebrate more negative news more than news with a positive vibe. In the present situation, we are more likely to read news related to criminal behaviour. It has come to a point. Where people forget to wish the person forget to wish the person who won the badminton championship and focus more on gossip. This not a problem to a particular sect but the whole humanity. There has more of a 'mouse' than 'use' of social media. This situation is what we call the 'loss of morality in mass media'.

To be really can did, this is not only a social media problem but the whole concept of 'media' is affected.

We have seen how media is trolled for their actions. The is urging to talk violence, blood, death and blame it on someone. It is true that the 4th estate is drifting away from their moral values. 24/7 they are only speaking all dirty 'shirt' (trust me, there aren't any other words to discribe these type of information) of the society.

Social has an important part in making people on a dirty news. Media's like Facebook, etc... have loads of this news people love to hear news about, how a girl was raped, how the guy was killed, etc. It is true that, more people were active in social media on how Chandrayan-2 failed (it actually didn't), how lost the match, I wonder, these monkeys will be silent if the opposite happened. Out of the 3.5 million, internet users, only a small percentage of people promote /support good causes.

It's quite egregious that if a person likes to information of; something related to violence, negative or let's say, fake news, why wouldn't he be hearing more positive news? Like a person donating has wealth for charity, or an orphan child being adopted?

Let's not it, social media gossiping is a main trait of keralites, however flood time kerala people showed the apt use of media. Social media was the to survival during the 2018 & 2019 kerala floods. Rather than sharing fake and dirty news, keralites used social media to locate people in need, help them, stand on their feet. Most of the people wouldn't have been alive if they weren't there.

For now we have been discussing about the dark side of side, but let's be optimistic for now and be on the good side things. All those fake news and dirty excrementents of negative news count for nothing. Only one person is need to change the world. But he himself should change. Change should happen within you.

If one is adamant to promote deeds instead of gossip, he is the person to respect. If one can help through media than distroying others, he is the person to respect.


If we are going to support our fellow army men who work 24/7 and 12/365 and protect our nation. So that we can sleep peacefully, instead of sharing news about someone who became viral just because of their acting skills in waste of time, video, we can call ourself patriots.

In themidst of these darkness, there is a still of light, the burning light of optimism.I beleive in these times those Wordsworth are extremely relevant.

"What man has made of MAN"

- RAMPRASAD
*10 E*

# THOUGHTS



"Education is not
the learning
of fact
But training of
the mind"



"Some of the brightest minds in the country can be found on the last benches of the classroom–

*–Dr.A.P.J.Abdul Kalam*



**"The policy of being too cautious is the greatest risk of all"**

**-JAWAHARLAL NEHRU**



**Yesterday is history. Tomorrow is a mystery. Thats why we call it' The Present'**

# പി കുഞ്ഞിരാമൻ നായർ

മലയാള ഭാഷയിലെ പ്രശസ്തനായ കാതകളിലേക്കാവാഹിച്ച കുഞ്ഞിരാമൻ നായർ, തന്നെ പിൻതുടർന്ന അനേകം യുവകവികൾക്ക് പ്രചോദനമേകി. *പി* എന്നും*മഹാകവി പി* എന്നും അദ്ദേഹം അറിയപ്പെട്ടു. നിത്യസഞ്ചാരിയായിരുന്നു അദ്ദേഹം, കേരളത്തിന്റെ പച്ചപ്പ്, ക്ഷേത്രാന്തരീക്ഷം, ആചാരാനുഷ്ഠാനങ്ങൾ, ദേവതാസങ്കൽപ്പങ്ങൾ എന്നിവയുടെ, ചുരുക്കത്തിൽ കേരളീയതയുടെ നേർച്ചിത്രങ്ങളാണ് പിയുടെ കവിത.

1905 ഒക്ടോബർ 4 ന് (1906 ഒക്ടോബർ 26- കൊ.വ. 1082 തുലാം 9, തിരുവോണം നക്ഷത്രം എന്നും ഒരു വാദമുണ്ട്) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട്, അജാനൂർ ഗ്രാമത്തിൽ പനയന്തട്ട തറവാട്ടുവക അടിയോടി വീട്ടിലാണ് കുഞ്ഞിരാമൻ നായർ ജനിച്ചത്. അച്ഛൻ- പുറവങ്കര കുഞ്ഞമ്പുനായർ; അമ്മ- കുഞ്ഞമ്മയമ്മ. വെള്ളിക്കോത്ത് പ്രൈമറി സ്കൂളിലും പുന്നശ്ശേരി നമ്പിയുടെ ശിഷ്യനായി പട്ടാമ്പി സംസ്കൃത കോളേജിലും തഞ്ചാവൂർ സംസ്കൃത പാഠശാലയിലും പഠനം , ഇടയ്ക്ക് പഠിത്തം നിർത്തി വീട്ടുവിട്ടിറങ്ങി. പാലക്കാട് ജില്ലയിലെ ശബരി ആശ്രമം സ്കൂൾ, കൂടാളി ഹൈസ്കൂൾ, കൊല്ലങ്കോട് രാജാസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ അദ്ധ്യാപകനായി ജോലിചെയ്തു. പത്രപ്രവർത്തകൻ എന്ന നിലയിലും പല സ്ഥാപനങ്ങളിൽ ജോലി ചെയ്തു. സ്വന്തം ജീവിതം ക്രമപ്പെടുത്തിയെടുക്കുന്നതിനേക്കാൾ കവിതാരചനയുമായി ഊരു ചുറ്റുന്നതിലായിരുന്നു കുഞ്ഞിരാമൻ നായർക്കു താൽപര്യം. കവിത, നാടകം, ജീവചരിത്രം, പ്രബന്ധം, ആത്മകഥ, ബാലസാഹിത്യം എന്നീ വിഭാഗങ്ങളിലായി അറുപതിലേറെ കൃതികൾ രചിച്ചു. ആത്മകഥാപര ഗ്രന്ഥങ്ങളായ 'കവിയുടെ കാൽപ്പാടുകൾ','എന്നെ തിരയുന്ന ഞാൻ', 'നിത്യകന്യകയെത്തേടി' എന്നിവ മലയാളഭാഷയിലെ കവിത തുളുമ്പുന്ന ഗദ്യത്തിന് ഉത്തമോദാഹരണങ്ങളാണ്. 1948-ൽ നീലേശ്വരം രാജാവിൽ നിന്ന് ഭക്തകവി ബിരുദം ലഭിച്ചു.1955-ൽ *കളിയച്ഛന്* മദിരാശി സർക്കാർ അംഗീകാരം, 1959-ൽ കേരളാ സാഹിത്യ അക്കാദമി അവാർഡ്, 1967-ൽ *താമരത്തോണിക്ക്* സാഹിത്യ അക്കാദമി അവാർഡ് എന്നിവ ലഭിച്ചു. കവിതമാത്രം സന്തതസഹചാരിയായിരുന്ന ജീവിതയാത്രകൾക്കൊടുവിൽ 1978 മേയ് 27 ന് തിരുവനന്തപ്പുരത്തെ സി. പി സത്രത്തിൽ വച്ച് ഹൃദയ സ്തംഭനം മൂലം അന്തരിച്ചു..

മലയാളഭാഷയിലെ സമുന്നതമായ കാവ്യവ്യക്തിത്വങ്ങളിലൊന്നാണ് പി. കുഞ്ഞിരാമൻ നായരുടേത്. ആധുനിക മലയാളകവിതയിലെ തികച്ചും സവിശേഷമായ ഒരു അനുഭൂതിമണ്ഡലമാണ് അദ്ദേഹത്തിന്റെ കവിതകളിലൂടെ അനാവൃതമാവുന്നത്. കവിയും കവിതയും തമ്മിലും കവിയും കവിതയും പ്രപഞ്ചവും തമ്മിലും അസാധാരണമായ ഒരു തന്മയീഭാവം തന്നെ അവയിൽ സംഭവിക്കുന്നു. ഇടവപ്പാതി മഴപോലെ വിഷയവും ഭാവനയും

രചനാശില്പവും വരികളും ഒന്നായുണർത്തുന്ന ദിവ്യ പ്രചോദനത്തിന്റെ സാന്നിദ്ധ്യം അവയിലൊക്കെയുണ്ട്. താമരത്തോണി, താമരത്തേൻ, വയൽക്കരയിൽ, പൂക്കളം, കളിയച്ഛൻ, അനന്തൻകാട്ടിൽ, ചന്ദ്രദർശനം, ചിലമ്പൊലി, തിരുമുടിമാല, രഥോത്സവം, പി. കവിതകൾ എന്നിങ്ങനെ മുപ്പതോളം സമാഹാരങ്ങളിലായി അദ്ദേഹത്തിന്റെ കാവ്യലോകം പരന്നുകിടക്കുന്നു. ആത്മവേദനയും ആത്മനിന്ദയുമൊക്കെ നിറഞ്ഞ സ്വരത്തിൽ തന്നെത്തന്നെ വിചാരണ ചെയ്യുന്ന കവിതകളിലൂടെ ആധുനിക മനുഷ്യന്റെ വിഹ്വലാവസ്ഥ ഈ കവി ആവിഷ്കരിച്ചിരിക്കുന്നു. അരനൂറ്റാണ്ടിലേറെ നീണ്ട കാവ്യജീവിതത്തിൽ എത്രത്തോളം കൃതികൾ രചിച്ചുവെന്ന് കവിയ്ക്കുതന്നെ നിശ്ചയമുണ്ടായിരുന്നില്ല.

ലേഖനം: വിചാരവിഹാരം, പക്ഷികളുടെ പരിഷത്ത്, സത്യരക്ഷ കഥകൾ: ഇന്ദിര, ചാരിത്രരക്ഷ നിർമ്മല, രമാഭായി, വീരപ്രതിജ്ഞ

ആത്മകഥകൾ: കവിയുടെ കാൽപ്പാടുകൾ, എന്നെ തിരയുന്ന ഞാൻ, നിത്യകന്യകയെത്തേടകവിതകളിയച്ഛൻ-2012-ൽചലച്ചിത്രമായി പുറത്തിറങ്ങി.ഓണസദ്യ, പൂക്കളം,താമരത്തോണിവസന്തോത്സവം,ചിലമ്പൊലി,രഥോത്സവം(രണ്ടുവാല്യങ്ങൾ),താമരത്തേൻ,അന്തിത്തിരി,പാട്ടുന്,മണൽത്തരികൾ,നിർവാണനിശപൂമ്പാറ്റകൾ,മലനാടാസന്തിപ്പൂക്കൾ,പിറന്നമണ്ണിൽമണിവീണ,അനന്തങ്കാട്ടിൽ,ഭദ്രദീപം,ശംഖനാദം,നിശാഗാനംവീരാരാധന,പ്രേമപൗർണ്ണമിമൺകുടത്തിന്റെ വില, സൗന്ദര്യദേവത, ശ്രീരാമചരിതം, വരഭിക്ഷചന്ദ്രദർശനം, തിരുമുടിമാല,കർപ്പൂരമഴ, നീരാജനംപ്രപഞ്ചം, പി. കവിതകൾ(രണ്ട് വാല്യം), തിരഞ്ഞെടുത്ത കവിതകൾവയൽക്കരയിൽ, പടവാൾ, പൂമാല, നിറപറ, പാതിരാപ്പൂവ്, ഓണപ്പൂവ്, ഗദ്യകവിത, ഉദരംഗമണ്ഡപം, ഉപാസന, സ്വപ്നസഞ്ചാരി, പൂനിലാവ്, ചന്ദ്രമണ്ഡലം, നാടകം, രംഗമണ്ഡപം, ഉപാസന, സ്വപ്നസഞ്ചാരി, പൂനിലാവ്, ചന്ദ്രമണ്ഡലം, രണ്ട് ഏകാങ്കനാടകങ്ങൾ

**അനുജ്കൃഷ്ണൻ**

IX-E

# വിദ്വാൻ പി കേളുനായർ

വടക്കെ മലബാറിന്റെ സ്വാതന്ത്ര്യസമരചരിത്രത്തിൽ, തിളങ്ങുന്ന ഒരധ്യായമാണ്, വിദ്വാൻ പി.കേളുനായരുടെ ജീവിതം. ദേശാഭിമാനപ്രചോദിതവും, സമരോത്സുകവുമായിരുന്ന ആ ജീവിതം, മൂന്നു പതിറ്റാണ്ടുകൾ പൂർത്തിയാക്കുംമുമ്പേ അവസാനിപ്പിക്കുകയായിരുന്നു അദ്ദേഹം. കവി, നാടകകൃത്ത്, നടൻ, ഗായകൻ, രാഷ്ട്രീയപ്രവർത്തകൻ എന്നിങ്ങനെ ഒരു ബഹുമുഖ പ്രതിഭയായിരുന്നു, കേളുനായർ.

ദേശീയ സ്വാതന്ത്ര്യസമരപ്രസ്ഥാനം കോൺഗ്രസിന്റെ നേതൃത്വത്തിൽ സജീവമായിരുന്ന ഒരു പ്രദേശമായിരുന്നു കാഞ്ഞങ്ങാട്. എ.സി.കണ്ണൻനായർ, വിദ്വാൻ.പി.കേളുനായർ തുടങ്ങിയവരായിരുന്നു മുൻനിര പ്രവർത്തകർ. ഗാന്ധിയൻ ചിന്തയിലടിയുറച്ചു നിന്നുകൊണ്ട് വൈദേശികാധിപത്യത്തിനെതിരെ പോരാടുന്നതിനൊപ്പം, ജാതിചിന്തകൾക്കും, അയിത്താചാരങ്ങൾക്കുമെതിരായ സമരങ്ങൾക്കും ഇവർ നേതൃത്വം നൽകിയിരുന്നു. തന്റെ നാടകങ്ങളിലൂടെ കേളുനായർ ഈ പോരാട്ടങ്ങൾക്ക് കൂടുതൽ ഊർജ്ജം പകരുകയും ചെയ്തു.

“സ്മരിപ്പിൻ ഭാരതീയരെ

നമിപ്പിൻ മാതൃഭൂമിയെ

മുലപ്പാൽ തന്നൊരമ്മയെ

എന്നാളും! ഹാ മറക്കാമോ” –

എന്ന വരികൾ കേളുനായരുടെ പാദുകപട്ടാഭിഷേകം എന്ന നാടകത്തിൽ നിന്നുള്ളതാണ്. ലങ്കാദഹനം, ധ്രുവചരിതം, ജനാർദ്ദനദാസചരിതം അഥവാ ശ്രീകൃഷ്ണലീല, കബീർദാസചരിതം, പാക്കനാർചരിതം, സമ്പൂർണ്ണ രാമായണം, വിവേകോദയം അഥവാ ജാനകീപരിണയം എന്നിവയും കേളുനായരുടെ ശ്രദ്ധേയങ്ങളായ നാടകങ്ങളാണ്. പുരാണകഥകളുടെ പരിമിതവൃത്തങ്ങളിൽ ഒതുങ്ങിനിൽക്കുന്നതല്ല, മറിച്ച് ‘നാടിന്നകം

നാടക'മെന്നും, 'നാട്ടു നാകമാക്കുന്നതേ നാടക'മെന്നുമുള്ള ഉൾക്കാഴ്ചയോടെ, കാലിക പ്രശ്നങ്ങളെ സമർത്ഥമായി ഉൾക്കൊള്ളിച്ചുകൊണ്ടുള്ളവയായിരുന്നു, കേളുനായരുടെ നാടകങ്ങളെല്ലാം.


1901 ജൂൺ 27-ന് കാസർഗോഡ് ജില്ലയിലെ നീലേശ്വരത്തായിരുന്നു കേളുനായരുടെ ജനനം. കാഞ്ഞങ്ങാട് ഗുരുകുലത്തിൽ സംസ്കൃതപഠനത്തിനുശേഷം പുന്നശ്ശേരി നമ്പിയുടെ കീഴിൽ പട്ടാമ്പി സംസ്കൃത കോളേജിൽ ഉപരിപഠനം നടത്തി വിദ്വാൻ പരീക്ഷ ജയിച്ചു. ഗാന്ധിജിയുടെ ദേശീയ വിദ്യാഭ്യാസ-അടിസ്ഥാന വിദ്യാഭ്യാസനയത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനായി, ബെള്ളിക്കോത്ത് 'വിജ്ഞാനദായിനി സംസ്കൃതപാഠശാല' സ്ഥാപിച്ചു. വെള്ളക്കാരുടെ ആധിപത്യത്തിനെതിരായി ചിന്തിക്കുന്ന ഒരു തലമുറയെ വാർത്തെടുക്കുക എന്നതിനൊപ്പം, രാജ്യസ്നേഹവും, ദേശാഭിമാനബോധവും, മതനിരപേക്ഷമനോഭാവവും, മനുഷ്യസ്നേഹവും കുട്ടികളിൽ വളർത്തുവാനും ഈ പാഠശാലയിലൂടെ ശ്രമിച്ചിരുന്നു.

സ്വതന്ത്രഭാരതത്തിൽ നിന്നും മാത്രമെ ശമ്പളം കൈപ്പറ്റൂ എന്ന് ശഠിച്ച കേളുനായർ, നിസ്വാർത്ഥ സേവനത്തിനിടയിൽ, കുടുംബം പുലർത്താൻ പോലും മാർഗ്ഗമില്ലാതെ കടുത്ത മാനസിക സംഘർഷങ്ങളോടെയാണ് ജീവിച്ചത്. നാടകം കളിക്കുന്നതിനായി പലരിൽ നിന്നും വാങ്ങിയ തുക തിരിച്ചുനൽകാനുള്ള വെപ്രാളത്തിനിടയിൽ, സ്വന്തം കുഞ്ഞിന്റെ മൂർച്ഛിച്ച രോഗാവസ്ഥയും, പ്രിയതമയുടെ തോരാത്ത കണ്ണീരും, ഭാര്യാപിതാവിന്റെ ഭർത്സനങ്ങളും കണ്ടില്ലെന്ന് നടിക്കേണ്ടിവന്ന നിമിഷങ്ങൾ കേളുനായരെ കുറച്ചൊന്നുമല്ല വേദനിപ്പിച്ചത്.

അരങ്ങിലെ സാർത്ഥകമായ നാടകപരിശ്രമങ്ങളിൽ തിളങ്ങിനിന്ന കേളുനായർ, പിന്നരങ്ങിലെ 'ജീവിതനാടക'രംഗങ്ങളിൽ പലപ്പോഴും തളർന്നു വീഴുകയായിരുന്നു. 'ദേശാഭിമാന'ത്തെക്കാൾ 'ആത്മാഭിമാനം' വീർപ്പുമുട്ടിച്ച ഏതോ നിമിഷത്തിലായിരിക്കണം, ജീവിതമവസാനിപ്പിക്കാൻ അദ്ദേഹം തീരുമാനിച്ചത്.

- പ്രജ്ജ്വൽ.എം 9E

# ***PENCIL DRAWINGS***









തെറ്റ് കുറ്റങ്ങൾ  ക്ഷമിക്കുക,

പൊറുക്കുക, സഹകരിച്ച

എല്ലാവർക്കും നന്ദി

*-സ്റ്റുഡന്റ് എഡിറ്റർ*